**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1352** **10-10-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചക തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സ്കൂൾ ഉച്ചഭക്ഷണ പാചക ത്തൊഴിലാളികളുടെ ഓണറേറിയം സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. നടപ്പ് വർഷത്തെ ആദ്യ ഗഡു കേന്ദ്രവിഹിതം ലഭിക്കുന്നതിൽ കാലതാമസം ഉണ്ടായിരുന്നിട്ടും പാചകത്തൊഴിലാളികൾ അനുഭവിക്കുന്ന കഷ്ടപ്പാടുകളും സാമ്പത്തിക ബുദ്ധിമുട്ടുകളും പരിഗണിച്ചുകൊണ്ട് ആഗസ്റ്റ് മാസം വരെയുള്ള സംസ്ഥാന അധിക വിഹിതത്തിൽ നിന്നുമുള്ള ഓണറേറിയം ഓണക്കാലത്തിനു മുൻപ് തന്നെ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത തൊഴിലാളികളുടെ ദിവസവേതനം 100 രൂപ വർദ്ധിപ്പിക്കുമെന്ന 2017-18-ലെ ബജറ്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ: ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; ഇവർക്ക് വിരമിക്കൽ ആനുകൂല്യം നൽകുമെന്ന പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | പാചകത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ മാൻഡേറ്ററി ഓണറേറിയം കേവലം 1000/- രൂപ മാത്രമാണ്. ആയതിൽ കേന്ദ്രവിഹിതം 600/- രൂപയും സംസ്ഥാന വിഹിതം 400/- രൂപയുമാണ്. എന്നാൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം സ്കൂൾ കുട്ടികൾക്ക് സൗജന്യമായി പോഷകാഹാരം ലഭ്യമാക്കുക എന്നതിനാൽ, കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ വളരെ കൂടുതൽ തുക ഓണറേറിയം ഇനത്തിൽ സംസ്ഥാനം അധിക വിഹിതമായി നൽകുന്നുണ്ട്. കേരളത്തിൽ സ്കൂൾ പാചക ത്തൊഴിലാളികൾക്ക് നൽകുന്ന കുറഞ്ഞ പ്രതിദിന ഓണറേറിയം 600/- രൂപയും പരമാവധി പ്രതിദിന ഓണറേറിയം 675/- രൂപയുമാണ്. ഇപ്രകാരം ആകെ 20 സ്കൂൾ പ്രവർത്തി ദിനങ്ങൾക്ക് ഒരു പാചക ത്തൊഴിലാളിക്ക് പ്രതിമാസം കുറഞ്ഞത് 12000/- രൂപയും കൂടിയത് 13500/- രൂപയും സംസ്ഥാന അധിക വിഹിതം ഉപയോഗിച്ച് അനുവദിക്കുന്നുണ്ട്. ഇത് കേന്ദ്രം പ്രതിമാസം നിഷ്കർഷിക്കുന്ന തുകയുടെ 12-13 ഇരട്ടിയാണ്. 60:40 |

| | | | |
|---|---|---|---|
| | | | എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഫണ്ടും. സംസ്ഥാന അധിക വിഹിതവും ഉപയോഗിച്ചാണ് നിലവിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന ഓണറേറിയമാണ് കേരളത്തിൽ അനുവദിക്കുന്നത്. പാചക തൊഴിലാളികളുടെ ഓണറേറിയത്തിൽ കേന്ദ്രം യാതൊരു വർദ്ധനയും നൽകിയിട്ടില്ല എന്ന വസ്തുത നിലനിൽക്കെ സംസ്ഥാന സർക്കാർ 2016-17 മുതൽ 2021-22 വരെ 5 തവണ ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്. ഏകദേശം 160 കോടിയോളം രൂപ സംസ്ഥാന സർക്കാരിന് പ്രതിവർഷം ഈ ഇനത്തിൽ അധിക ബാധ്യത ഉണ്ടാകുന്നുണ്ട്. പാചക ത്തൊഴിലാളികളുടെ ഓണറേറിയം അവസാനമായി വർദ്ധിപ്പിച്ച് നൽകിയത് 17/06/2021 ലെ സ.ഉ(സാധാ) നം . 3046/2021/പൊ.വി.വ പ്രകാരമാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമാണ് മിനിമം പ്രതിദിന ഓണറേറിയം 600 രൂപയായും പരമാവധി പ്രതിദിന ഓണറേറിയം 675 രൂപയായും വർദ്ധിപ്പിച്ച് നൽകിയിട്ടുള്ളത്. പാചക ത്തൊഴിലാളികളുടെ ഓണറേറിയം വർദ്ധനവ്, വിരമിക്കൽ ആനുകൂല്യം തുടങ്ങിയ വിഷയങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സ്കൂൾ പാചകത്തൊഴിലാളികൾക്ക് ഇ.എസ്.ഐ.യും പ്രൊവിഡന്റ് ഫണ്ടും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും വേതനം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ (PM POSHAN) ഗുണഭോക്താക്കളായ സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനായി കേന്ദ്ര നോംസ് പ്രകാരം ഓണറേറിയം വ്യവസ്ഥയിലാണ് പാചക ത്തൊഴിലാളികളെ നിയമിച്ചിട്ടുള്ളത്. പാചകത്തൊഴിലാളികളെ നിയമി ക്കുന്നതിനും പ്രത്യേക സാഹചര്യ ങ്ങളിൽ പിരിച്ചുവിടുന്നതിനുമുള്ള അധികാരം അതത് സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾക്കാണ്. ഒരു നിശ്ചിത പ്രവൃത്തി ചെയ്യുന്നതിനുള്ള പ്രതിഫലമായി ഓണറേറിയം കൈപ്പറ്റിക്കൊണ്ട് ജോലിയിൽ തുടരുന്ന പ്രസ്തുത തൊഴിലാളികൾക്ക് പ്രതിമാസ ഓണറേറിയവും അവധിക്കാല സമാശ്വാസവും ഒഴികെ മറ്റൊരു തരത്തിലുള്ള ആനുകൂല്യങ്ങൾക്കും നിലവിലെ വ്യവസ്ഥകൾ പ്രകാരം അർഹതയില്ല.<br><br>പാചകത്തൊഴിലാളികളുടെ ഇ.എസ്.ഐ.യും പ്രൊവിഡന്റ് ഫണ്ടും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദി ക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ച് വരികയാണ്. പാചക ത്തൊഴിലാളികളുടെ ഓണറേറിയം സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | | | സാധ്യമായ എല്ലാ നടപടികളും പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ